ഉത്തരം

(എ) വന്നിരുന്നു.

(ബി) പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്.

(സി—ഇ) ഈ വിഷയത്തിൽ അന്തിമതീരുമാനമൊന്നും എടുത്തിട്ടില്ല.

റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണമേഖല വിദേശ കമ്പനികൾക്ക് കൈമാറുന്നതായി പരാതി

42 [5019] ശ്രീ. കെ. രാധാകൃഷ്ണൻ:
,, ടി. കെ. ബാലൻ:
,, പി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ധനകാര്യ ഏജൻസികളുടെ സമ്മർദ്ദത്തിന് വഴങ്ങി നിർമ്മാണമേഖല വിദേശ കമ്പനികൾക്ക് കൈമാറുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോകബാങ്ക് പദ്ധതിപ്രകാരമുള്ള പ്രസ്തുത നിർമ്മാണ പണികൾക്ക് പ്രത്യേക കൺസൾട്ടൻസിയെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വിദേശ കമ്പനികൾക്ക് വൻലാഭമുണ്ടാക്കുന്ന തരത്തിൽ കരാർ വ്യവസ്ഥകൾ തയ്യാറാക്കി നൽകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആ പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാന ഖജനാവിൽനിന്നും വൻനഷ്ടം വരുത്തുന്ന ഈ നടപടികളെക്കുറിച്ച് വിശദമായി അന്വേഷിക്കുമോ?

ഉത്തരം

(എ—ഇ) സംസ്ഥാനത്തെ 1600 കി. മീ. റോഡുകളുടെ വികസനത്തിനുവേണ്ടി 1250 കോടി രൂപയുടെ ലോകബാങ്ക് ധനസഹായത്തോടെ ഒരു പദ്ധതി (കെ.എസ്.ടി.പി.) സംസ്ഥാനത്ത് നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കുവേണ്ടി ലോകബാങ്കുമായി ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾക്കനുസൃതമായിട്ട് പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുണ്ട്. മുൻപരിചയത്തിന്റെയും ശേഷിയുടേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടൻസി കമ്പനികൾക്ക് മത്സരാടിസ്ഥാനത്തിൽ തുക നിശ്ചയിച്ചാണ് കരാറുകൾ നൽകിയിട്ടുള്ളത്. നൽകപ്പെട്ട കരാറുകളെല്ലാം ഇത്തരം പണികൾക്ക് സാധാരണയായി നൽകിവരുന്ന തുകകൾക്കുള്ളിലാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly